DESPATCHED
On...29/06/2020

05/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561603//2561612 Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1660(4)/2015/SIC
തീർപ്പുകൽപ്പിച്ചുകൊുള്ള നടപടിക്രമം
File No.10703/SIC-Gen 2/2015
സന്നിഹിതൻ

ശ്രീ.കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. മനോജ്. കെ.കെ,**
**കാഞ്ഞിരത്തിൻകീഴിൽ ഹൌസ്,**
**ചോമ്പാല പി.ഒ, വടകര,**
**കോഴിക്കോട് 673 308.** } **അപ്പീൽ ഹർജിക്കാരൻ**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ജില്ലാ വ്യവസായ കേന്ദ്രം,
കാസർഗോഡ്.

2. അപ്പീൽ അധികാരി &
ജനറൽ മാനേജർ,
ജില്ലാ വ്യവസായ കേന്ദ്രം,
കാസർഗോഡ്.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കാസർഗോഡ് ജില്ലാ വ്യവസായ കേന്ദ്രത്തിലെ എസ്.പി.ഐ.ഒ യ്ക്ക് 15.01.2015 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി. 30.10.2012 ന് ശ്രീമതി ജാനകി.പി ജില്ലാ

വ്യവസായ കേന്ദ്രത്തിൽ നൽകിയ പരാതിയുടെ നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളുമാണ് ടിയാൻ ചോദിച്ചിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശ പ്രകാരം 25.07.2015 ൽ ഒന്നാം എതിർകക്ഷി കമ്മീഷന് റിപ്പോർട്ട് നൽകി. അപ്പീൽ ഹർജിക്കാരൻ പരാമർശിക്കുന്ന ശ്രീമതി ജാനകി.പി യുടെ 30.10.2012 ലെ പരാതിയുമായി ബന്ധപ്പെട്ട് രേഖകളൊന്നും ഉള്ളടക്കം ചെയ്തിട്ടില്ലെന്നും, 07.03.2015 ൽ നൽകിയ മറുപടിക്കൊപ്പം, ആവശ്യപ്പെട്ട മറ്റുരേഖകളുടെ പകർപ്പുകൾ നൽകിയിട്ടുണ്ടെന്നും, 15.01.2015 ലെ അപേക്ഷയിലെ ഏഴാം നമ്പർ ചോദ്യത്തിനുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കുന്നതിന് അപ്പീൽ അധികാരി മൂന്നു തവണ അപേക്ഷകനെ ഹിയറിംഗിന് വിളിച്ചെങ്കിലും, ടിയാൻ അതനുസരിച്ച് ഹാജരായില്ലെന്നും റിപ്പോർട്ടിൽ പറഞ്ഞു..

3. അപ്പീൽ ഹർജിക്കാരൻ 20.05.2015, 28.05.2015, എന്നീ തീയതികളിലെ കൂടിക്കാഴ്ചയ്ക്കുള്ള ക്ഷണം പൂർണ്ണമായും അവഗണിച്ചതിന്റെ ഫലമായാണ് 05.06.2015 ലെ നടപടിക്രമം അനുസരിച്ച് ഉത്തരവാകേണ്ടി വന്നതെന്നും, 16.05.2015, 20.05.2015, 28.05.2015 എന്നീ തീയതികളിലോ, അപേക്ഷകന് സൌകര്യപ്രദമായ മറ്റ് തീയതികളിലോ ഓഫീസിലെത്തി രേഖകൾ പരിശോധിച്ച് നിജസ്ഥിതി മനസിലാക്കാനും, ആവശ്യമുള്ള പകർപ്പുകൾ കൈപ്പറ്റുവാനും കഴിയുമായിരുന്നു എന്നും രണ്ടാം എതിർകക്ഷി 24.07.2015 ൽ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നുണ്ട്.

4. ഇതിനുശേഷം കമ്മീഷൻ 14.02.2019 ൽ കാസർഗോഡ് കളക്ടറേറ്റിലെ വീഡിയോ കോൺഫ്രൻസിംഗ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്ന കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിംഗിലും പറഞ്ഞു.

6. മൊഴിയും അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷിയുടെ മൊഴി വസ്തുതാപരമാണെന്നു കമ്മീഷൻ മനസിലാക്കുന്നു. എന്നാൽ രണ്ടാം എതിർകക്ഷി ഒന്നാം അപ്പീൽ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. എങ്കിലും ടിയാന്റെ ഔദ്യോഗിക തിരക്കുകളും, തിരുവനന്തപുരത്ത് വിവിധ തീയതികളിൽ നടത്തിയ ഔദ്യോഗിക യോഗങ്ങളിൽ പങ്കെടുക്കേണ്ടി വന്നതിനാലും, ഇതിനിടയിൽ വിഷു, അംബേദ്കർ ജയന്തി, രണ്ടാം ശനി തുടങ്ങിയ അവധി ദിവസങ്ങൾ വന്നതിനാലുമാണ് നടപടി സ്വീകരിക്കാൻ വൈകിയതെന്ന ഒന്നാം അപ്പീൽ അധികാരിയുടെ വിശദീകരണം കമ്മീഷൻ മുഖവിലയ്ക്ക് എടുക്കുന്നു.

7. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ പരിശോധിക്കാനും, ആവശ്യമുള്ള പകർപ്പുകൾ എടുക്കാനും ഒന്നിലേറെ അവസരം നൽകിയിട്ടും ടിയാൻ അത് പ്രയോജനപ്പെടുത്താൻ തയ്യാറായിട്ടില്ല എന്നാണ് കമ്മീഷൻ കരുതുന്നത്.

8. ഇതെല്ലാം പരിഗണിച്ച് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിക്കുന്നു. അപ്പീൽ ഹർജിക്കാരന് ഇനിയും ആവശ്യമെന്നു തോന്നുന്ന പക്ഷം, ഒന്നാം അപ്പീൽ അധികാരിയെ സമീപിക്കാവുന്നതും, രേഖകളുടെ പകർപ്പിന് നിശ്ചിത ഫീസ് നൽകി ഒന്നാം എതിർകക്ഷിയിൽ നിന്ന് കൈപ്പറ്റാവുന്നതുമാണ്. അങ്ങനെ വരുന്ന പക്ഷം, ഒന്നാം എതിർകക്ഷി ഇതിന് സഹായകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 05.03.2020 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

കെ.വി. സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി